(സി) എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഓരോ സാമ്പത്തിക വർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന്/അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്.

**കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

334 (944) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് 20% തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് റവന്യൂ വകുപ്പ് എന്തെങ്കിലും യോഗങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നടത്തിയിട്ടില്ല.

(സി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

**വയനാട് ജില്ലയിൽ റവന്യൂ വകുപ്പിലെ സ്ഥലം മാറ്റം**

335 (945) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ, റവന്യൂ വകുപ്പിൽ 5 വർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ ജോലി ചെയ്തുവരുന്നവരുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഓഫീസും തസ്തികയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ വിവിധ തസ്തികകളിലായി 112 ജീവനക്കാർ 5 വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്തുവരുന്നുണ്ട്. തസ്തിക, ഓഫീസ് തിരിച്ചുള്ള വിശദമായ കണക്ക് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിൽ അഞ്ചുവർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ ജോലി ചെയ്തുവരുന്നവരുണ്ടെങ്കിൽ പൊതുസ്ഥലംമാറ്റം നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

കഴിഞ്ഞ കുറച്ചുവർഷങ്ങളായി വയനാട് ജില്ലയിൽ അടിക്കടിയുണ്ടാകുന്ന പ്രളയവും പ്രകൃതി ദുരന്തങ്ങളും കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് പ്രവൃത്തി പരിചയമുള്ള ജീവനക്കാരുടെ സേവനം ആവശ്യമായതിനാലും കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് ലോക്ഡൗണും പൊതുഗതാഗതത്തിന് കർശന നിയന്ത്രണങ്ങളും അടിക്കടിയുണ്ടാകുന്നതിനാൽ ജീവനക്കാരുടെ യാത്രാ സൗകര്യം പരിഗണിച്ചും ഓഫീസ് പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ സ്ഥലംമാറ്റങ്ങൾ മാത്രമേ കഴിഞ്ഞ രണ്ട് വർഷമായി ജില്ലയിൽ നടത്തിയിട്ടുള്ളൂ. റവന്യൂ വകുപ്പിൽ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈനായി നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്.

**സർവ്വേയർ തസ്തികയിലുണ്ടായേക്കാവുന്ന ഒഴിവുകൾ**

336 (946) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 13-2-2021-ൽ പുറപ്പെടുവിച്ച ജി.ഒ. (എംഎസ്.) നമ്പർ 5/2021/പി & എ.ആർ.ഡി. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വേയും ഭൂരേഖയും വകുപ്പിലെ സർവ്വേയർ തസ്തികയിലുണ്ടായേക്കാവുന്ന ഒഴിവുകൾ കമ്മീഷൻ മുൻപാകെ സമർപ്പിച്ച് കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

36 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി. നടപടികൾ പൂർത്തിയാകാത്തതുമൂലം സർവ്വേയർ II തസ്തികയിലേക്ക് ഡികേഡർ ചെയ്ത എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്;

&

(സി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡികേഡർ ചെയ്ത് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

(ബി&സി) ഡി.പി.സി. നടപടികൾ പൂർത്തിയാകാത്തതുമൂലം അഡീഷണൽ ഡയറക്ടറുടെ ഒരു തസ്തിക, ജോയിന്റ് ഡയറക്ടറുടെ 2 തസ്തികകൾ, ഡെപ്യൂട്ടി ഡയറക്ടറുടെ 8 തസ്തികകൾ എന്നിവയിലാണ് ഒഴിവുള്ളത്. സീനിയോരിറ്റി തർക്കങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly